ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതെ. സ്ഥലം ആവശ്യത്തിന് നാട്ടുകാർ 15,000 രൂപ പിരിച്ചുടച്ചു. സർക്കാരിന് 16,000 രൂപ ചെലവായി. ബാക്കി സംഖ്യ സർക്കാർ ഈടാക്കുന്നതിന് തീരുമാനിച്ച പ്പോഴാണ് ഹൈക്കോടതിയിൽ റിട്ട കൊടുത്തത്.

ശ്രീ. എൻ. നീലകണ്ഠപണ്ടാരത്തിൽ: ഗവണ്മെൻറിൽനിന്നും ഇരുപതുശതമാനം ആദായം കിട്ടണമെന്നുകാണിച്ച് മാനേജുമെൻറ് അവകാശവാദം പുറപ്പെടുവിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സറണ്ടർചെയ്ത സ്ഥലിനെ സംബന്ധിച്ചിടത്തോളം അങ്ങനെയൊരു അവകാശവാദത്തിന് ന്യായമില്ല.

ലോഹമണൽ ഗവേഷണവും സർവ്വേയും.

* 375. [2] ശ്രീ. വി. ശ്രീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോഹമണൽ സംബന്ധമായി ഈ ഗവണ്മെൻറ് നടത്തിവന്നിരുന്ന ഗവേഷണവും സർവ്വേയും പൂർത്തിയായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥലങ്ങളിൽ നടത്തിവന്നിരുന്ന ഗവേഷണങ്ങളും സർവ്വേയുമാണ് പൂർത്തിയാക്കിയിട്ടുള്ളത്;

(സി) തിരുവനന്തപുരം താലൂക്കിൽ ആറാറിപ്ര പകുതിയിൽ നടത്തിവന്നിരുന്ന സർവ്വേയും ഗവേഷണവും പൂർത്തിയായിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ, ഗവേഷണഫലം എന്താണെന്നു വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ലോഹമണൽ സംബന്ധമായി ഈ ഗവണ്മെൻറ് നടത്തിവന്നിരുന്ന ഗവേഷണവും സർവ്വേയും പൂർത്തിയായിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഒരു പ്രാരംഭസർവ്വേ കഴിഞ്ഞു.

(ഡി) ലോഹമണൽ വ്യാവസായികമായി ഉപയോഗപ്പെടുത്താമോ എന്നു അന്വേഷണം നടത്തുന്നതിനു കേന്ദ്രത്തോടു് ആവശ്യപ്പെട്ടിരിക്കുകയാണു്. അറ്റോമിക് എനർജി ഡിപ്പാർട്ട്മെൻറിൽനിന്നും നേരിട്ട അഭിപ്രായം അറിഞ്ഞതിനുശേഷമേ നിശ്ചിതമായ ഗവേഷണഫലം അറിയാൻ സാധിക്കുകയുള്ളൂ.

ശ്രീ. പി. ആർ. മാധവൻപിള്ള: ലോഹമണൽ തിരുവിതാംകൂർ–കൊച്ചിയിൽ എവിടെയെല്ലാം ഉണ്ടെന്നു പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ജീയോളജിക്കൽ ഡിപ്പാർട്ടുമെൻറിനെ ആ ചുമതല ഏൽപ്പിച്ചിരിക്കുകയാണു്.

ശ്രീ. സി. എ. മാത്യു: ലോഹമണൽ കയറ്റി അയയ്ക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇൽമനൈറ്റ് കയറ്റി അയയ്ക്കുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എ. മാത്യു: ഏതെല്ലാം രാജ്യങ്ങളിലാണ് അയയ്ക്കുന്നത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പ്രധാനമായി ഇംഗ്ലണ്ടിലേയ്ക്ക്.

ശ്രീ. സി. എ. മാത്യു: ഏതുപയോഗത്തിനുവേണ്ടിയാണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ചില വ്യവസായങ്ങൾക്കു വേണ്ടി.

ശ്രീ. വി. ശ്രീധരൻ: പ്രാരംഭസഹായം നടത്തിയത് ഈ ഗവണ്മെൻറാണോ, കേന്ദ്രഗവണ്മെൻറാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ ഗവണ്മെൻറ്.

വർദ്ധിച്ചുവരുന്ന ബസ്സപകടങ്ങൾ.

* 376. [3] ശ്രീ. വി. ശ്രീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്ത് അടിക്കടി വർദ്ധിച്ചുവരുന്ന ബസ്സപകടങ്ങൾ ഗവണ്മെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 1955 ജനുവരി മുതൽ ഇന്നുവരെ ആകെ എത്ര ബസ്സപകടങ്ങൾ ഉണ്ടായിട്ടുണ്ട്;

(സി) ഈ ബസ്സപകടങ്ങൾ മൂലം മരണമടഞ്ഞവരുടെയും, പരുക്കേറ്റവരുടെയും സംഖ്യ എത്ര;

(ഡി) ഈ ബസ്സപകടങ്ങളെപ്പറ്റി ഗവണ്മെൻറ് എന്തെങ്കിലും അന്വേഷണം നടത്തുകയുണ്ടായിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അന്വേഷണഫലം എന്താണ്?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) ബസ്സപകടങ്ങൾ അടിക്കടി വർദ്ധിച്ചുവരുന്നതായി കാണുന്നില്ല.

(ബി) 1-1-1955 മുതൽ 31-7-1955 വരെ 119.

(സി) മരണമടഞ്ഞവർ 19, അപകടം പറ്റിയവർ 205.

(ഡി) പോലീസ് വേണ്ട സത്വര നടപടികൾ നടത്തിയിട്ടുണ്ട്.

(ഇ) ഡ്രൈവറന്മാരുടെ കുറ്റംകൊണ്ടാണെന്നു തോന്നിയ കേസുകൾ ചാർജ്ജുചെയ്തിട്ടുണ്ട്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഇങ്ങനെ അപകടങ്ങൾ ഉണ്ടായിട്ടുള്ളത് വാഹനങ്ങളുടെ കുറ്റംകൊണ്ടാണോ, ഡ്രൈവറന്മാരുടെ കുറ്റംകൊണ്ടാണോ?

ശ്രീ. കെ. ഐ. വേലായുധൻ: രണ്ടും കൊണ്ടാവാം.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: 119 ബസ്സപകടങ്ങൾ ഉണ്ടാവുകയും, 19 പേർ മരിക്കുകയും, 205 പേർക്ക് പരുക്കുപറ്റുകയും ചെയ്തിട്ടും ബസ്സപകടങ്ങൾ കുറവാണെന്നു മനസ്സിലാക്കിയതു് എങ്ങനെയാണ്?

LIBRARY ARCHIVES Kerala Legislative Assembly